2009, ഖുത്വ്ബ നമ്പര്‍- 31

31.07.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

ഇവിടെ കൂടിയവരേയും എം.ടി.എ മുഖേന ലോകത്തിന്റെ വിവിധഭാഗങ്ങളില്‍നിന്ന് ജല്‍സയില്‍ പങ്കെടുത്തവരേയും ആത്മീയപുളകമണിയിച്ചുകൊണ്ട് കഴിഞ്ഞ ഞായറാഴ്ച എല്ലാവിധ അനുഗ്രഹങ്ങളും ചൊരിഞ്ഞുകൊണ്ട് യു.കെ ജല്‍സ സമാപിക്കുകയുണ്ടായി. ലോകത്ത് വ്യാപിച്ചുകിടക്കുന്ന അഹ് മദിയ്യാ ജമാഅത്ത് അംഗങ്ങളെ ഉമ്മത്തെ വാഹിദ (ഏക സമൂഹം) ആക്കിയതിന് അല്ലാഹുവിനെ എത്ര സ്തുതിച്ചാലും മതിയാകുന്നതല്ല. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യവും ഇത് തന്നെയായിരുന്നു. ഈ കാര്യം ഇന്ന് മുസ്‌ലിം ലോകം മനസ്സിലാക്കി, അഹ്മദിയ്യാ ജമാഅത്തില്‍ അല്ലാഹു ഇറക്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ അവര്‍ ദര്‍ശിച്ചുകൊണ്ട് മുഹമ്മദീ മസീഹിന്റെ കൈകളില്‍ ബൈഅത്ത് ചെയ്തിരുന്നെങ്കില്‍ അവര്‍ ഹദ്‌റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ യഥാര്‍ത്ഥ ദാസരായിത്തീരുമായിരുന്നു. ഇസ്‌ലാമിനെ ദോഷൈകദൃക്കോടുകൂടി നോക്കുന്ന കണ്ണുകളും ഇസ്‌ലാമിന്നെതിരില്‍ ഉയരുന്ന കൈകളും ഈ സുരക്ഷിത കോട്ടയില്‍ തട്ടി തകര്‍ന്ന് തരിപ്പണമാകുമെന്ന് മാത്രമല്ല അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുകയും ചെയ്യുന്നതാണ്. ഞങ്ങള്‍ 120 വര്‍ഷത്തില്‍ കൂടുതലായി ഈ കാഴ്ച കണ്ടുകൊണ്ടിരിക്കുകയാണ്. ഇത് മനുഷ്യകരങ്ങളാല്‍ സ്ഥാപിതമായതായിരുന്നെങ്കില്‍ ഭൗതികശക്തികളുള്ള എതിരാളികളുടെ ശക്തമായ എതിര്‍പ്പുകള്‍ കാരണം എന്നോ നശിപ്പിക്കപ്പെട്ടേനെ.

ജല്‍സാ ദിനങ്ങളിലും ഒരു വര്‍ഷം ഉടനീളവുമുണ്ടായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഞാന്‍ എന്റെ ഒരു ദിവസത്തെ പ്രസംഗത്തില്‍ വിവരിക്കുമ്പോള്‍ എത്രയോ അനുഗ്രഹങ്ങളില്‍നിന്ന് വിവരിക്കുവാനായി ചിലതു മാത്രമാണ് ഞാന്‍ തിരഞ്ഞെടുക്കുന്നത്. എന്നാല്‍ അതില്‍നിന്ന് തന്നെ വളരെ കുറച്ച് മാത്രമെ കേള്‍പ്പിക്കാന്‍ സാധിക്കാറുള്ളൂ. ഈ അനുഗ്രങ്ങള്‍ വിവിധ സന്ദര്‍ഭങ്ങളില്‍ ജമാഅത്തിന് മുമ്പാകെ വിവരിക്കപ്പെടുകയോ പ്രസിദ്ധീകരിക്കപ്പെടുകയോ ചെയ്യുന്നതാണ്.

ജല്‍സയുമായി ബന്ധപ്പെട്ടുകൊണ്ട് അല്ലാഹു നല്‍കിയ അനുഗ്രഹങ്ങളുടെ സ്മരണയും അതിന് കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യുക എന്ന രീതിയനുസരിച്ച് ചില കാര്യങ്ങള്‍ വിവരിക്കാനാണ് ഞാന്‍ ആഗ്രഹിക്കുന്നത്. ബാഹ്യമായ നമുക്ക് അറിയാന്‍ സാധിച്ച , അല്ലാഹു നമുക്ക് നല്‍കിയിരിക്കുന്ന അനുഗ്രഹങ്ങള്‍ക്കാണ് നാം നന്ദി രേഖപ്പെടുത്താറുള്ളത്. ജല്‍സാ ദിനങ്ങളില്‍ നമുക്കറിയാത്ത എത്രയോ ഫള്‌ലുകള്‍ അല്ലാഹു ഇറക്കുന്നു. അധികം പേര്‍ക്കും അത് അറിയാന്‍ സാധിച്ചെന്നുവരില്ല.

സൂറത്തുന്നഹ്‌ലിലെ ഒരായത്തില്‍ അല്ലാഹു പറയുന്നു;

وَ اِنْ تَعُدُّوْا نِعْمَةَ اللّٰهِ لَا تُحْصُوْهَا ؕ

اِنَّ اللّٰهَ لَغَفُوْرٌ رَّحِيْمٌ ۝ (16:19)

നിങ്ങള്‍ അല്ലാവിന്റെ അനുഗ്രഹങ്ങള്‍ എണ്ണികണക്കാക്കാന്‍ നോക്കിയാല്‍ ഒരിക്കലും നിങ്ങള്‍ക്ക് എണ്ണിത്തിട്ടപ്പെടുത്താന്‍ സാധിക്കുകയില്ല. അല്ലാഹു പൊറുത്തുകൊടുക്കുന്നവനും വീണ്ടും വീണ്ടും കരുണ ചൊരിയുന്നവനുമാണ്.അതുകൊണ്ട് നമ്മുടെ നാവ് എപ്പോഴും അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതായി മാറണം.നാം അറിഞ്ഞതും അറിയാത്തതുമായ എല്ലാ അനുഗ്രഹങ്ങള്‍ക്കും നന്ദിയുള്ളവരായി നാം മാറണം.

ജല്‍സയുടെ ആദ്യ ദിവസം അല്ലാഹു മഴ വര്‍ഷിപ്പിച്ചു. ഇതും നമ്മുടെ ഗുണത്തിനുവേണ്ടിയായിരുന്നു. മഴ നിര്‍ത്തിയതും നമ്മോടു കരുണ കാണിച്ചു തന്നെയാണ്. നാം അറിയാതിരുന്ന പല ശര്‍റില്‍ നിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കുകയുണ്ടായി. ലോകത്ത് ഇക്കാലത്ത് പന്നിപനി പടര്‍ന്നുപിടിച്ചിരിക്കുകയാണ്. വിവിധ നാടുകളില്‍നിന്ന് വരുന്നവര്‍ ഏതേതെല്ലാം ജീവാണുക്കളെയും വഹിച്ചുകൊണ്ടാണാവോ വരുന്നത് എന്നും ചിന്തയില്‍ വരാതിരുന്നിട്ടില്ല. പകര്‍ച്ചവ്യാധികള്‍ പടര്‍ന്നുപിടിക്കുന്ന കാലത്ത് ജനങ്ങള്‍ ഒരുമിച്ചുകൂടുമ്പോള്‍ ഒരാളില്‍നിന്ന് മറ്റൊരാളിലേക്ക് പൊതുവില്‍ രോഗം പകരുന്നതാണ്. ജല്‍സദിനങ്ങളില്‍ കുറച്ച് ശതമാനം പേര്‍ക്കെങ്കിലും ഇത് പിടികൂടുമോ എന്ന ഭയം ഉണ്ടായിരുന്നു. എന്നാല്‍ അല്ലാഹു വളരെയധികം ഫള്‌ല് ചെയ്യുകയുണ്ടായി. എനിക്കറിയാവുന്ന മുന്നോ നാലോ കേസുകളല്ലാതെ ഈ രോഗം മറ്റാര്‍ക്കും തന്നെ ബാധിച്ചിട്ടില്ല. അതുകൊണ്ട് ആദ്യമായി നാംഅല്ലാഹുവിന് നന്ദിയുള്ളവരായിത്തീരുക. ആദ്യത്തേക്കാളുപരി അല്ലാഹുവിന്റെ ഫള്‌ലിനായിത്തേടുക. അവന്‍ തന്റെ ഫള്‌ല് നമ്മില്‍ വര്‍ഷിച്ചുകൊണ്ടിരിക്കട്ടെ. അല്ലാഹു പറയുന്നു, فَاِنَّ اللّٰهَ شَاكِرٌ عَلِيْمٌ

അല്ലാഹു വളരെയധികം വിലമതിക്കുന്നവനും അറിയുന്നവനുമാകുന്നു. ശാക്കിര്‍ എന്ന പദം അല്ലാഹുവിനായി ഉപയോഗിക്കുമ്പോള്‍ അതിന്റെ അര്‍ത്ഥം ഈ വിധം പ്രവര്‍ത്തനങ്ങളെ വളരെയധികം ആദരവോടുകൂടി കാണുന്നു എന്നാണ്. നാം പ്രകടിപ്പിക്കുന്ന കൃതജ്ഞത നമ്മുടെ ഹൃദയാന്തരങ്ങളില്‍നിന്നും വരുന്നതാണെങ്കില്‍ അല്ലാഹു അതിന് വലിയ വിലമതിക്കുന്നു. അവന്‍ പറയുന്നു,

لَئِنْ شَكَرْتُمْ لَاَزِيْدَنَّكُمْ നിങ്ങള്‍ നന്ദി പ്രകടിപ്പിക്കുന്നവരായി മാറിയാല്‍ ഞാന്‍ നിങ്ങള്‍ക്ക് കൂടുതലായി നല്‍കുന്നതാണ്.

അതുകൊണ്ട് യഥാര്‍ത്ഥ നന്ദി പ്രകടനം ആയിത്തീരുന്നത് സ്ഥിരതയോടുകൂടി അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്ന ദാസരായി നാം മാറുമ്പോഴാണ്. അല്ലാഹു പറഞ്ഞത് അവന്‍ ശാക്കിറുല്‍ അലീം എന്നാണ്. അവന്‍ വിലമതിക്കുന്നവനോടൊപ്പം അറിയുന്നവന്‍ കൂടിയാണ്. യഥാര്‍ത്ഥ നന്ദിപ്രകടനക്കാര്‍ ആരാണെന്ന് അവനറിയുന്നു. അവനെ വഞ്ചിക്കാന്‍ സാധ്യമല്ല.

അതുകൊണ്ട് നാം ഓരോരുത്തരും യഥാര്‍ത്ഥ കൃതജ്ഞതാ പ്രകടനക്കാരായി മാറാന്‍ ശ്രമിക്കേണ്ടതാണ്.

ഇവിടെ ജോലി ചെയ്ത പുരുഷന്മാര്‍ക്കും സ്ത്രീകള്‍ക്കും ഞാന്‍ നന്ദി രേഖപ്പെടുത്താന്‍ ആഗ്രഹിക്കുന്നു. ജല്‍സയില്‍ പങ്കെടുത്തവരും ലോകത്തന്റെ വിവിധ ഭാഗങ്ങളില്‍നിന്ന് എം.ടി.എ മുഖേന ജല്‍സയില്‍ പങ്കെടുത്തവരും ഇവിടെ ജോലി ചെയ്തവരോട് നന്ദിയുള്ളവരായിരിക്കേണ്ടതാണ്. കാരണം ഈ വളണ്ടിയര്‍മാരില്‍ ഒരു വിഭാഗം ലോകത്തുള്ളവര്‍ക്ക് ജല്‍സ കാണാനും കേള്‍ക്കാനുമുള്ള സംവിധാനം ഒരുക്കുന്നതില്‍ വലിയ പങ്കാണ് വഹിക്കുന്നത്. മനുഷ്യന് നന്ദിപ്രകടിപ്പിക്കാന്‍ നമ്മോട് കല്‍പ്പിക്കപ്പെട്ടിട്ടുണ്ട്.

ഈ നന്ദിപ്രകടനം അല്ലാഹുവിലേക്ക് എത്തിക്കുന്നതാണ്. ഒരു ഹദീസിൽ വരുന്നു, തിരുനബി(സ) അരുളി,

وَمَنْ لَمْ يَشْكُرِ النَّاسَ لَمْ يَشْكُرِ اللهَ ജനങ്ങളോട് കൃതജ്ഞത കാണിക്കാത്തവൻ അല്ലാഹുവിനോടും കൃതജ്ഞത കാണിക്കാത്തവനാണ്.

ഞാനുമായി മുലാക്കാത്ത് നടത്തിയവരിൽ ഭൂരിഭാഗവും പറഞ്ഞത്, കഴിഞ്ഞവർഷത്തേക്കാളും വളരെ മുന്തിയ തരത്തിലുള്ള സംവിധാനങ്ങളാണ് ഇപ്രാവശ്യം ഒരുക്കിയിരിക്കുന്നത് എന്നാണ്. എല്ലാ ജോലിക്കാരും ഊർജ്ജസ്വലതയോടും മുൻപത്തേക്കാളുമുപരി സൽസ്വഭാവത്തോടുംകൂടി പെരുമാറിയിട്ടുണ്ട്. ഓരോ വിഭാഗവും അവരവരുടെ കഴിവനുസരിച്ച് സേവനം ചെയ്യാനും അതിഥികൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്താനും പരിശ്രമിച്ചിട്ടുണ്ട്. അതിഥികളും നന്ദിയുള്ളവരായിരിക്കേണ്ടതാണ്. ജൽസാഗാഹിലേക്ക് വരുമ്പോഴും പോകുമ്പോഴും ഞാൻ ഡ്യൂട്ടിയിലുള്ളവരുടെ മുഖഭാവം നോക്കാറുണ്ട്. അവരുടെ മുഖഭാവത്തിൽനിന്ന് മനസ്സിലാക്കിയിട്ടുള്ളത് ഉറക്കം കുറവാണെന്നും നല്ല ക്ഷീണമുണ്ടെന്നുമാണ്. എന്നിട്ടും ചുറുചുറുക്കോടെ അവരുടെ ഡ്യൂട്ടികൾ അവർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു വകുപ്പിലെ നാസിമും നാസിമയും സഹോദരീ സഹോദരന്മാരായിരുന്നു. അവർ വിശ്രമമില്ലാത്തതുകാരണം, സ്ഥിരമായി ജോലികൊണ്ടും ഭക്ഷണം വേണ്ടപോലെ കഴിക്കാത്തതുകൊണ്ടും ജൽസ സമയത്ത് ബോധരഹിതരാവുകയുണ്ടായി. എനിക്ക് തോന്നുന്നത് ഇവരിരുവരും ഒരു നിമിഷനേരം പോലും സേവനത്തിൽനിന്ന് വിട്ടുനിൽക്കാതിരിക്കാൻ നമുക്കെത്രമാത്രം പ്രയാസം സഹിച്ച് ജോലി ചെയ്യാൻ പറ്റും എന്നുനോക്കാം എന്ന നിയ്യത്ത് ചെയ്ത് വന്നതാണെന്നാണ്. ഇത്രമാത്രം പ്രയാസപ്പെടുന്നത് ശരിയല്ല. കാരണം അവർക്ക് ബോധരഹിതരായത് കാരണം അവസാനനിമിഷം ആ സേവനം ചെയ്യാൻ പറ്റാതെയായി. അതുകൊണ്ട് സ്വയം ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയും സംഘാടകരും ഡ്യൂട്ടിക്കാർക്ക് വിശ്രമിക്കാനുള്ള സമയം നൽകുകയും അതോടൊപ്പം അവരുടെ ഭക്ഷണകാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. നിസ്വാർത്ഥസേവനത്തിന്റെ എത്രയോ മാതൃകകൾ നമുക്ക് ജൽസ ദിനങ്ങളിൽ കാണാൻ സാധിക്കുന്നതാണ്. ഹസ്‌റത്ത് മസീഹ് മൗഊദ്(അ) നൽകിയിരിക്കുന്ന അത്ഭുതങ്ങളായ ആത്മാക്കളാണിവ.

ഏഷ്യക്കാരും, ഇവിടുത്തെ പ്രാദേശിക വാസികളായ ഇംഗ്ലീഷുകാരും, ഇവിടെ താമസക്കാരായ ആഫ്രിക്കൻ നാട്ടുകാരും എല്ലാം ഇവിടെ ഡ്യൂട്ടിചെയ്യുന്നവരിൽ ഉൾപ്പെടുന്നതാണ്. ജൽസ കേൾക്കുന്നവർ മൾട്ടിനാഷണൽ ആയതുപോലെ ഡ്യൂട്ടിനൽകുന്നവരും വിവിധ സമൂഹങ്ങളിൽ പെട്ടവരായിരുന്നു. ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് അല്ലാഹുനൽകിയ അനുഗ്രഹമാണിതെല്ലാം.

കുട്ടികൾക്ക് നൽകപ്പെട്ട ഡ്യൂട്ടികൾ, വെള്ളം കുടിപ്പിക്കലും ഭക്ഷണം വിളമ്പലും പോലുള്ള ജോലികളെല്ലാം തന്നെ വളരെ ഭംഗിയായ രീതിയിൽ അവർ ചെയ്യുകയുണ്ടായി. മുതിർന്നവരും യുവാക്കളും പെൺകുട്ടികളും സ്ത്രികളും എല്ലാം നല്ലരീതിയിൽതന്നെ തങ്ങളുടെ ഡ്യൂട്ടികൾ നിർവ്വഹിക്കുകയുണ്ടായി.

ഈ പ്രാവശ്യം ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഹെൽത്ത് ആന്റ് സേഫ്റ്റി വിഭാഗത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്താൻ പറഞ്ഞിരുന്നു. ഇതിന്നായി പുതിയൊരു വിഭാഗം തന്നെ തുടങ്ങിയിട്ടുണ്ടായിരുന്നു. ഗവൺമെന്റ് പ്രതിനിധികൾ ഈ വകുപ്പ് പരിശോധിക്കാൻ ഇടക്കിടക്ക് വന്നുകൊണ്ടിരുന്നു. ഈ വകുപ്പ് ജൽസയുടെ എല്ലാ വകുപ്പുമായും ജൽസാ നഗരിയുമായും ബന്ധപ്പെട്ടതാണ്. അതിഥികളുമായും ആതിഥേയരുമായും ഇതിനു ബന്ധമുണ്ട്. ഏതെങ്കിലും സ്ഥലത്ത് ഇതിൽ വല്ല കുറവും വന്നാൽ അതും പറഞ്ഞ് വല്ല ബുദ്ധിമുട്ടും ഉണ്ടാക്കുമോ എന്ന ആശങ്ക നമുക്കുണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ സ്ഥലത്തും അവർ നിശ്ചയിച്ച അതേ നിലവാരം പാലിക്കാൻ നമുക്ക് സാധിച്ചു.

ശുചിത്വത്തെകുറിച്ച് ഞാൻ ഖുത്വുബയിൽ ഓർമ്മപ്പെടുത്തിയിരുന്നു. അതിഥികളിൽ ചിലർ എനിക്കെഴുതി, 'ബാത്ത്റൂമിനു മുൻവശം ചവുട്ടി വെക്കാൻ ഹസൂർ ഖുത്വ്ബയിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ജുമുആ കഴിഞ്ഞ് ബാത്ത്റൂമിൽ പോയപ്പോൾ അവിടെയെല്ലാം ചവിട്ടി വെച്ചിരുന്നതായി കാണാൻ സാധിച്ചു. ഇതേ പോലെ ബാത്ത്റൂമും മറ്റും വൃത്തിയാക്കുന്ന കാര്യത്തിൽ ഡ്യൂട്ടിയിലുള്ളവർ ശ്രദ്ധിച്ചതുപോലെ ഞാൻ പറഞ്ഞ കാരണത്താൽ അതിഥികളും ശ്രദ്ധിക്കുകയുണ്ടായി. പലരും ബാത്ത്റൂം ഉപയോഗിച്ചതിനു ശേഷം സ്വയം വൃത്തിയാക്കിയിരുന്നു. അല്ലാഹു ഇങ്ങിനെയുള്ള എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ. അഹ്മദികൾക്ക് ഖലീഫയുടെ വാക്കുകൾ കേട്ട് ഉടനെ തന്നെ അത് അനുസരിക്കുവാനുള്ള തൗഫീഖ് ലഭിക്കുന്നതും അല്ലാഹുവിന്റെ ഒരു ഫള്ലാണ്.

പന്നിപനി പടർന്ന് പിടിക്കുന്നതുകൊണ്ട് എല്ലാവർക്കും ഹോമിയോ മരുന്ന് നൽകാൻ ഞാൻ നിർദ്ദേശിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കൽപ്പനയും നടപ്പിൽ വരുത്തുകയുണ്ടായി. ഹോമിയോപ്പതി ഡിപ്പാർട്ട്മെന്റ് ഈ മരുന്ന് നൽകുന്നതിന് പൂർണ്ണമായും പരിശ്രമിച്ചു. നിത്യേന ഇരുപത് കിലോ മരുന്നാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. ഇത്രയും കൂടുതൽ മരുന്ന് മിക്സ് ചെയ്തു കൊടുക്കുക എന്നത് തന്നെ വലിയ ഒരു ജോലിയാണ്. അവർ എല്ലാം ശരിയായ മാത്രയിൽ തന്നെ മിക്സ് ചെയ്തിട്ടുണ്ടോ എന്നെനിക്കറിയില്ല. കാരണം ഗുളികകളിൽ തുള്ളിമരുന്ന് ചേർത്തിട്ടാണ് നൽകേണ്ടിയിരുന്നത്. ഇങ്ങിനെ തുള്ളിമരുന്ന് ചേർത്ത് നൽകാൻ സാധിച്ചോ അതോ വെറും മധുര ഗുളികമാത്രം നൽകിയോ എന്നും അറിയില്ല. ഏതായിരുന്നാലും ആ മധുരഗുളികകളിലും അല്ലാഹു ശിഫ വെച്ചു എന്നതാണ് അവന്റെ ഫള്ൽ.

ലജ്നയുടെ ഭാഗത്തുനിന്ന് ലഭിച്ച ഒരു റിപ്പോർട്ടിൽ പറയുന്നു. ഒരു സ്ത്രീ മരുന്ന് കഴിക്കാൻ നിഷേധിച്ചു. ആ സ്ത്രീ നിഷേധിക്കുവാനുള്ള കാരണം ഒരു പക്ഷേ എന്റെ നിർദ്ദേശം (ഖുത്വ്ബ) കേട്ടിട്ടുണ്ടാവില്ലെന്ന് കരുതുന്നു. ഡ്യൂട്ടിയിലുള്ള ജോലിക്കാരി പറഞ്ഞു, 'കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ ചെവിക്കൊള്ളാൻ തയ്യാറല്ലെങ്കിൽ പിന്നെ നിങ്ങളുടെ ഉത്തരവാദിത്വം നിങ്ങൾക്കായിരിക്കും.' ഉടനെ അവർ മരുന്ന് വാങ്ങിക്കഴിച്ചു. അനുസരണത്തിന്റെ ഈ മാതൃക നമുക്ക് പലസ്ഥലത്തും അഹ്മദികളിൽ കാണാൻ സാധിക്കുന്നതാണ്.

സ്ത്രീകളുടെ പന്തലിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിൽ നിശബ്ദരായി സ്ത്രീകൾ ജൽസ പിരപാടികൾ കേട്ടു എന്നതാണ്. നിശബ്ദത പാലിക്കുക എന്ന പ്ലക്കാർഡ് പിടിക്കേണ്ടിവന്ന അവസരം വളരെ കുറച്ച് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ അമേരിക്കയിൽനിന്ന് വന്ന ഒരു സ്ത്രീ എന്നോട് പറഞ്ഞത്, സ്ത്രീകൾ നിശബ്ദത പാലിച്ചിട്ടില്ല എന്നാണ്. ജൽസ ശരിക്കും കേൾക്കാൻ പറ്റിയിട്ടില്ല എന്നാണ്. ഏതെങ്കിലും ഒന്നോരണ്ടോ സ്ഥലത്ത് കുറച്ച് സമയത്തേക്ക് ഈ ഒരവസ്ഥ വന്നിട്ടുണ്ടാകാം. എന്നാലും പൊതുവിലുള്ള റിപ്പോർട്ട് നിശബ്ദരായി കേട്ടു

എന്ന് തന്നെയാണ്. ചിലർക്ക് നന്മകൾ അന്വേഷിക്കുന്നതിന് പകരം ദൂഷ്യങ്ങൾ മാത്രം അന്വേഷിക്കുന്ന ശീലമുള്ളവരുണ്ട്. ഈ സ്ത്രീയും അതിൽ പെട്ടവരായിരിക്കാം. എന്നാൽ എന്റെ മനസ്സിന് തൃപ്തി നൽകാൻ അല്ലാഹു ആഗ്രഹിച്ചതുപോലെ, ഉടനെതന്നെ അമേരിക്കയിലെ തന്നെ ഒരു കോളേജ് സ്റ്റുഡന്റ് എന്നെ കാണാൻ വന്നു. അവരോട് ഞാൻ ചോദിച്ചു, ആദ്യമായിട്ടല്ലേ വരുന്നത്? എങ്ങിനെയുണ്ടായിരുന്നു ജൽസ? സ്ത്രീകളുടെ പന്തലിൽ ഒച്ചപ്പാടുണ്ടായിരുന്നു എന്നാണല്ലോ കേട്ടത്? അവൾ ഉടനെ പറഞ്ഞു, ആ റിപ്പോർട്ട് ശരിയല്ല. കാരണം ഞാൻ പല ഭാഗത്തും പോയി ഇരുന്നിട്ടുണ്ട്. വളരെ ശ്രദ്ധയോടുകൂടിയാണ് എല്ലാ സ്ത്രീകളും പെൺകുട്ടികളും ജൽസ കേട്ടത്. മാത്രമല്ല ഹുസൂറിന്റെ പ്രസംഗം നടക്കുമ്പോൾ പൂർണ്ണമായും നിശബ്ദത പാലിച്ചിരുന്നു. ഒച്ചപ്പാടായിരുന്നു എന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. എന്നെ ഈ ജൽസ വല്ലാതെ ആകർഷിച്ചു. അങ്ങിനെ അമേരിക്കയിൽനിന്ന് വന്ന ആക്ഷേപത്തിന് മറുപടി അമേരിക്കയിൽനിന്ന് തന്നെ ലഭിക്കുകയുണ്ടായി. ചുരുക്കത്തിൽ പുരുഷന്മാരും സത്രീകളും ഓർത്തിരിക്കേണ്ട ഒരു കാര്യം ജൽസയുടെ ബർക്കത്ത് ജൽസയിലുള്ള പരിപാടികൾ ശ്രവിക്കുന്നതുമുഖേനയാണ് ലഭിക്കുക.

ജൽസയുടെ സംവിധാനത്തിൽ ഒരു കുറവ് വന്നിട്ടുണ്ട്. കുറവുകൾ പറയണ്ട എന്നല്ല ഞാൻ പറയുന്നത്. ന്യൂനതകൾ ഉണ്ടെങ്കിൽ അതും പറയണം. എന്നാലേ ഭാവിയിൽ അതിനെകുറിച്ച് ശ്രദ്ധിക്കുകയുള്ളൂ. ന്യൂനതകളെ കുറിച്ച് പരിശോധിക്കുമ്പോൾ കൂടുതലും അതിഥികളുടെ ഭാഗത്ത് നിന്നാണ് പാകപ്പിഴവുകൾ കാണാറുള്ളത്. ജർമ്മനി ജൽസ വരാൻ പോകുന്നു. അവിടെയും യു.കെ ജൽസയിലെപ്പോലെതന്നെയുള്ള കാഴ്ചയാണ് കാണുക. മറ്റുസ്ഥലങ്ങളിലും ജൽസകൾ സംഘടിപ്പിക്കപ്പെടുന്നുണ്ട്. ഞാൻ നൽകുന്ന നിർദ്ദേശങ്ങൾ മറ്റെല്ലാവർക്കും കൂടിയുള്ളതാണ്. അതുകൊണ്ട് മറ്റുള്ളവരും ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഒരു റിപ്പോർട്ട് എനിക്ക് കിട്ടിയിട്ടുള്ളത് ഇസ്ലാമാബാദിൽനിന്ന് ജനങ്ങൾ ജൽസ കേൾക്കാൻ ഇവിടെ വന്നപ്പോൾ അവിടെയുള്ള ടെന്റുകളിൽനിന്ന് ചിലവസ്തുക്കൾ കളവുപോയതായറിഞ്ഞിട്ടുണ്ട്. ടെന്റുകളിൽ താമസിക്കുന്ന അതിഥികൾ ഒരിക്കലും വിലപിടിപ്പുള്ള വസ്തുക്കൾ അവിടെ വെച്ചുപോകാൻ പാടില്ലാത്തതാണ്. സ്വയം പരീക്ഷണത്തിൽ അകപ്പെടുന്നതോടൊപ്പം സംഘാടകരെയും പരീക്ഷണത്തിൽ അകപ്പെടുത്തുന്നതിൽനിന്ന് വിട്ടുനിൽക്കേണ്ടതാണ്. അവിടെ നിരന്തരം അനൗൺസ്മെന്റ് നടത്തിയിട്ടും വിലപിടിപ്പുള്ള വസ്തുക്കൾ ഓഫീസിൽ ഏൽപ്പിക്കാതെ തുറന്ന ടെന്റുകളിൽ വെച്ച് പോയത് അതിഥികളുടെ തെറ്റുതന്നെയാണ്. തുറന്ന സ്ഥലത്ത് ഇങ്ങിനെയുള്ള സാധനങ്ങൾ ഇട്ടുപോകുക എന്നത് അശ്രദ്ധയാണ്. നല്ല അന്തരീക്ഷമാണെങ്കിൽതന്നെയും ദുരുദ്ദേശമുള്ളവരും അവിടെയുണ്ടാവും. തുറന്ന സ്ഥലത്ത്, അതും അവിടെ തടസ്സമൊന്നുമില്ലാതെ എത്താൻ സാധിക്കുകയും ചെയ്യുകയാണെങ്കിൽ അങ്ങിനെയുള്ള സ്ഥലത്ത് സാധനങ്ങൾ ഉപേക്ഷിച്ചുവരിക എന്നത് അശ്രദ്ധമാത്രമല്ല, വിഢ്ഢിത്തം കൂടിയാണ്. ഒന്നുകിൽ കൂടെ കൊണ്ടുപോകുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട ഓഫീസിനെ ഏൽപ്പിക്കുകയോ ചെയ്യാമായിരുന്നു. ഇതോടൊപ്പം സംഘാടകരും അവരുടെ സംവിധാനത്തെ ശക്തിപ്പെടുത്തേണ്ടതാണ്. നിരന്തരം ഇക്കാര്യം വിളംബരപ്പെടുത്തേണ്ട ജോലി അഫ്സർ ജൽസാ സാലാനയുടേതാണ്. അതേപോലെ തുറന്നസ്ഥലത്ത് ടെന്റ് കെട്ടുമ്പോൾ ആ പ്രദേശത്തെ വേലി കെട്ടി സുരക്ഷിതമാക്കേണ്ടതാണ്. ഒന്നോ രണ്ടോ ഗെയ്റ്റുകൾ മാത്രം വെക്കുക. ഗെയ്റ്റിലും ഡ്യൂട്ടിക്കാരെ നിയമിക്കേണ്ടതാണ്. ജർമ്മനിക്കാരും ഇക്കാര്യം ശ്രദ്ധിക്കുക. പരസ്പരം പഠിക്കുക. കൂടുതൽ പരാതി വന്നത് ഈ വകുപ്പിന്റേതായതുകൊണ്ടാണ് എടുത്തു പറഞ്ഞത്. മൊത്തത്തിൽ സെക്യൂരിറ്റിസംവിധാനവും ട്രാഫിക്ക് സംവിധാനവും നല്ല ഗുണനിലവാരമുള്ളതായിരുന്നു. ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥ പരിഗണിച്ചുകൊണ്ട് എല്ലാ നാട്ടിലും ഇത് ശ്രദ്ധിക്കേണ്ടതാണ്. രണ്ട് വർഷം മുമ്പ് പോലീസിന് ഉണ്ടായിരുന്ന പരാതി ഇപ്പോഴില്ലാതെയാകുന്നുണ്ട്. ഈ വർഷം പോലീസ് ഇൻസ്പെക്ടർ സാഹിബ് നമുക്ക് രേഖാമൂലം എഴുതി തന്നിരിക്കുകയാണ്; നിങ്ങളിത് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചാലും പ്രശ്നമില്ല എന്നാണവർ പറഞ്ഞത്. 'ഇപ്രാവശ്യം ട്രാഫിക്ക് നിയമം കൃത്യമായി പാലിക്കപ്പെട്ടു. ഉന്നതനിലവാരത്തിലുള്ള അച്ചടക്കമാണ് കാഴ്ച വെച്ചത്. മറ്റെവിടെയും ഞങ്ങൾക്കിത് കാണാൻ കഴിയില്ല. '

ഒരു അനഹ്മദി അതിഥി തന്റെ അഭിപ്രായം ഇപ്രകാരം രേഖപ്പെടുത്തുന്നു; 'ഇവിടെ മെയിൻ റോഡിൽ പോലീസ് നിന്നിരുന്നെങ്കിലും ജൽസ ഗാഹിൽ അവർ വന്നിട്ടില്ല. അതിന്റെയും ആവശ്യമില്ലായിരുന്നു. ഇത്ര വലിയ ജനക്കൂട്ടത്തെ നിയന്ത്രിക്കൽ വൻ പോലീസ് സന്നാഹംതന്നെ ആവശ്യമാണ്. എന്നാൽപോലും നിയന്ത്രിക്കാൻ പ്രയാസമാണ്.' ഓൾട്ടണിലെ മേയർ സാഹിബ് പറഞ്ഞത് 'എന്റെ സന്ദേഹങ്ങളെല്ലാം ദൂരീകരിക്കപ്പെട്ടിരിക്കുകയാണ്. നിങ്ങളെകൊണ്ട് ഞങ്ങൾക്കൊരു ശല്ല്യവുമില്ലെന്ന് തുറന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.' ആദ്യം അദ്ദേഹം കരുതിയിരുന്നത് മറ്റു രാഷ്ട്രീയ സംഘടനകളെപ്പോലെയായിരിക്കുമോ നമ്മളെന്നാണ്.

ചുരുക്കത്തിൽ, നാമുണ്ടാക്കിയ സംവിധാനങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ലതായിരുന്നു. ആതിഥേയർ വളരെ ആവേശത്തോടെ പ്രവർത്തിച്ചപ്പോൾ അതിഥികൾ പൂർണ്ണമായും സഹകരിക്കുകയാണ് ചെയ്തത്. ഈ വർഷം ട്രെയിൻ യാത്രയാണ് കൂടുതൽപേരും ഉപയോഗിച്ചത്. ഇതുപലർക്കും ഇഷ്ടപ്പെടുകയും ചെയ്തു. പലരും പറഞ്ഞത് ജൽസാഗാഹിൽ എത്താൻ വളരെ സൗകര്യപ്രദമായിരുന്നു എന്നും അതോടൊപ്പം കാറിൽ വരുമ്പോഴുണ്ടാകുന്ന മാനസീക പിരിമുറുക്കം ഇല്ലാതാവുകയും ചെയ്തു എന്നാണ്.

മറ്റൊരുകാര്യം എന്റെ പക്കൽ അതിഥികൾ പറഞ്ഞു. ഇതുവളരെ നല്ല കാര്യം കൂടിയാണ്. അമീർ സാഹിബിനും ജൽസാ സംഘാടകർക്കും ഇതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തേണ്ടതാണ്. കാരണം താമസസ്ഥലത്ത് പലപ്രാവശ്യം സന്ദർശിക്കുകയും അവിടെ വന്ന് ഞങ്ങളുടെ ആവശ്യങ്ങൾ അമീർ സാഹിബും സംഘാടക സമിതി അംഗങ്ങളും ചോദിച്ചറിഞ്ഞുകൊണ്ടിരുന്നു. ഈ ഒരു മാതൃകയാണ് നിലനിൽക്കേണ്ടതും മറ്റുനാട്ടിലെ സംഘാടകരും പ്രാവർത്തികമാക്കേണ്ടതും.

മറ്റു നാടുകളിൽ താമസിക്കുന്നവരുടേയും രോഗികളും പാവപ്പെട്ടവരുമായവരുടേയും കത്തുകൾ എം.ടി.എക്ക് കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടുള്ളത് കിട്ടിക്കൊണ്ടിരിക്കുന്നു. ഈ എല്ലാ പ്രോഗ്രാമുകളും ആലമീ ബൈഅത്തും കേൾക്കാനും കാണാനും അവയിലെല്ലാം പങ്കെടുക്കാനും ഞങ്ങൾക്ക് അവസരം ഒരുക്കിയത് അവരാണ്. അറബികളിൽനിന്ന് എത്രയോ സന്ദേശങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. 24 മണിക്കൂറും ജൽസാ പ്രോഗ്രാമുകൾ ഉണ്ടായി. ഞങ്ങളുടെ വിശ്വാസത്തിൽ നവമായ ആത്മീയോല്ലാസം അനുഭപ്പെടുകയും ചെയ്തു. ലോകം മുഴുവനുമുള്ളവർ എം.ടി.എയിലുള്ള

സ്ത്രീ പുരുഷ സേവകർക്ക് നന്ദിരേഖപ്പെടുത്തിക്കൊണ്ടിരിക്കുക യാണ്. ഞാൻ എന്റെ ഭാഗത്തുനിന്ന് ഡ്യൂട്ടിനൽകിയ എല്ലാവർക്കും ഏതെങ്കിലും തരത്തിൽ അതിഥികളെ സേവിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. അതേപോലെ അതിഥികൾക്കും നന്ദി രേഖപ്പെടു ത്തുന്നു; കാരണം അവർ പല പോരായ്മകൾ കണ്ടിട്ടും അവ മറച്ചു വെക്കുകയും സഹകരിക്കുകയും ചെയ്തു.

ഒരു ഹദീസിൽ ഇപ്രകാരം കാണാം. തിരുനബി(സ) അരുളി, എന്നോട് ജിബ്രീൽ പറഞ്ഞു, അല്ലാഹു ഖിയാമത്ത് നാളിൽ എല്ലാ സൃഷ്ടികളെയും എഴുനേൽപ്പിക്കും. എന്നിട്ട് ഒരാളോട് ചോദിക്കും, എന്റെ ഒരു ദാസൻ നിന്നോട് കാരുണ്യം ചെയ്തിരുന്നു. നീ അവന് നന്ദി രേഖപ്പെടുത്തിയിരുന്നോ? അപ്പോൾ അവൻ മറുപടി പറയും; എന്റെ നാഥാ! ഇത് നിന്റെ ഭാഗത്തുനിന്നുള്ള ഉപകാരമായിരുന്നു എന്നെ നിനക്കറിയാമായിരുന്നു. അതുകൊണ്ട് ഞാൻ നിനക്ക് നന്ദി രേഖപ്പെടുത്തുകയാണ് ചെയ്തത്. അപ്പോൾ അല്ലാഹു പറയും, 'നീ എനിക്ക് നന്ദി രേഖപ്പെടുത്തിയിട്ടില്ല. കാരണം ഏതൊരുവൻ മുഖേ ന ഞാൻ നിനക്ക് ഉപകാരം ചെയ്തുവോ അവന് നീ നന്ദി രേഖപ്പെ ടുത്തിയിട്ടില്ല.' ചുരുക്കത്തിൽ മുഅ്മിനീങ്ങൾ പരസ്പരം അനുവർ ത്തിക്കേണ്ട രീതിയാണിത്. ഒരു ചരടിൽ കോർത്ത കാഴ്ച ദൃശ്യമാ ക്കുന്നതും ഈ രീതിയിലാണ്.

അഹ്മദികളല്ലാത്ത ചില അതിഥികളുടെ പ്രതികരണങ്ങൾ ഞാ നിനി കേൾപ്പിക്കാം. നാമുമായി ബന്ധമുള്ളതുകൊണ്ട് അവർ ജൽസ യിൽ പങ്കെടുക്കുന്നു. ഇവിടെയുള്ള സംവിധാനം അവരെ സ്വാധീ നിച്ചതോടൊപ്പം അവരെ ജൽസ ആത്മീയമായും സ്വാധീനിക്കുക യുണ്ടായി. ആദ്യം സ്വീഡനിലെ റോജർ കാലിഫിന്റെ പ്രതികരണം കേൾപ്പിക്കാം. കാൾമാർക്ക് കൗണ്ടിയുടെ സദറാണദ്ദേഹം. അദ്ദേഹം ജൽസയിൽ പ്രസംഗിച്ചതുകൂടാതെ എഴുതിത്തരികയും ചെയ്തി ട്ടുണ്ട്. പറയുന്നു, ഞാൻ എന്റെ നാട്ടിൽ പാർട്ടിയിലും ലോകത്ത് പല വകുപ്പുകളിലും പ്രവർത്തിച്ചിട്ടുണ്ട്. പല പരിപാടികളും സംഘടി പ്പിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടു മുണ്ട്. എന്നാൽ വിവിധനാട്ടിലുള്ളവരും വിവിധവേഷക്കാരുമായവർ ക്കിടയിലുമുള്ള ഇവിടെ കാണുന്ന സ്നേഹവും സൗഹൃദവും മറ്റെ വിടെയും എനിക്ക് കാണാൻ സാധിച്ചില്ല. സുദീർഘമായ മീറ്റിങ്ങു കളിൽ ഇരുന്നതിനുശേഷം പന്തലിൽനിന്ന് പുറത്തുവന്നാലും അൽ പ്പം പോലും ക്ഷീണം അറിയുന്നില്ല. കാരണം നാനാഭാഗത്തുനിന്നും സ്നേഹോഷ്മളമായ കൂടിക്കാഴ്ചകളാണ് സഹോദരന്മാർ നടത്തി ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ക്ഷീണം അൽപ്പം പോലും അറി യുന്നുണ്ടായിരുന്നില്ല. ആഫ്രിക്കയിൽനിന്ന് വന്ന രാജാക്കൻമാരോടും യൂറോപ്പിൽനിന്നുള്ള പാർലിമെന്റ് മെമ്പർമാരോടും മറ്റു രാഷ്ട്രീയ സാമൂഹിക നേതാക്കന്മാരോടും കൂടിക്കാഴ്ച നടത്തുവാനുള്ള അവ സരം അഹ്മദിയാ ജമാഅത്ത് ഒരുക്കി തരികയുണ്ടായി.

സ്വീഡനിലെ തന്നെ മുതിർന്ന ഒരു രാഷ്ട്രീയപ്രവർത്തകനെഴു തുന്നു, ഇദ്ദേഹത്തിന് 76 വയസ്സുണ്ട്. ഈ മൂന്ന് ദിവസങ്ങളിൽ ജൽ സാഗാഹിൽ കണ്ട സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കാഴ്ച മറ്റെവിടെയും എനിക്ക് കാണാൻ സാധിച്ചില്ല. ഒരേ ഒരു ശബ്ദത്തിൽ എല്ലാവരും എഴുന്നേൽക്കുകയും ഇരിക്കുകയും ചെയ്യുന്നു. ഇതെ ല്ലാം ഒരു വ്യക്തിയോടുള്ള സ്നേഹം കാരണമായാണ്. എന്റെ ജീവി തത്തിലെ ആദ്യത്തെ അനുഭവമായിരുന്നു ഇത്. വാക്കുകളിൽ എനി ക്ക് വിവരിക്കാൻ കഴിയുന്നില്ല. എന്റെ 76 വർഷ ജീവിതകാലത്തി ന്നിടയിൽ ഇവിടെ ഞാൻ അനുഭവിച്ച സ്നേഹത്തിന്റെയും സന്തോ ഷത്തിന്റെയും അന്തരീക്ഷം തികച്ചും വ്യത്യസ്ഥമായിരുന്നു. അത് വിവരിക്കുക എന്നത് എന്നെ സംബന്ധിച്ച് അസാധ്യമാണ്.

ഖസാക്കിസ്ഥാനിലെ വേൾഡ് ഹിസ്റ്ററി പ്രൊഫസർ കിങ്കിസ് കരാക് മസ്ദൂരി സാഹിബ് എഴുതുന്നു, 'ഈ സമ്മേളനം അഹ്മ ദിയ്യാ ജമാഅത്തിന്റെ അദ്ധ്യാപനങ്ങളുടെ സൗന്ദര്യത്തിന്റെയും വിജ യത്തിന്റെയും സാക്ഷിമുദ്രയാണ്. മറ്റുമതങ്ങളെ ആദരിക്കാൻ ജമാ അത്തിന്റെ അദ്ധ്യാപനങ്ങൾ പഠിപ്പിക്കുന്നു. മാത്രമല്ല സുന്ദരസുര ഭിലമായ ഒരു സംതൃപ്ത ജീവിതത്തിലേക്ക് അത് ക്ഷണിക്കുകയും ചെയ്യുന്നു. അവസാനം ഈ കാഴ്ചപ്പാടുകൾ തന്നെയാണ് വിജയി ക്കുക.(ഇൻശാ അല്ലാഹ്) അഹ്മദിയ്യാ ജമാഅത്തിന്റെ എല്ലാ സദു ദ്ധ്യമങ്ങളിലും അല്ലാഹു വിജയം നൽകുമാറാകട്ടെ. ആദ്യമായാണ് ഇവിടെ വരുന്നത്. ഇത്രമാത്രം ആദരവോടുകൂടി ഞങ്ങൾക്ക് സ്വീക രണം ലഭിക്കും എന്ന് ഞങ്ങൾ ഒരിക്കലും പ്രതീക്ഷിച്ചതല്ല.

ഖസാക്കിസ്ഥാനിലെ തന്നെ ഒരു പ്രൊഫസർ എഴുതുന്നു; 'അഹ്മദിയ്യാ ജമാഅത്തിന്റെ അദ്ധ്യാപനങ്ങളെ കുറിച്ചറിയാനുള്ള പ്രഥമ കാൽവെപ്പാണിത്. അഹ്മദിയ്യാ ജമാഅത്തിന്റെ അദ്ധ്യാപനം മാനുഷിക സഹാനുഭൂതി, സമാധാനം, സൗഹൃദം, മറ്റെല്ലാ മതങ്ങളെ യും ആദരിക്കൽ എന്നിവ ഉൾക്കൊള്ളുന്നതാണെന്ന് അറിയാമായി രുന്നു. സത്യം അന്വേഷിച്ച് കണ്ടെത്തിയ ജന സമൂഹത്തിന്നിടയിൽ ജീവക്കാൻ കഴിയുക എന്നത് വലിയ ആദരവാണ്. അവർ ഈ സത്യം ലോകത്തെല്ലായിടത്തും എത്തിക്കുന്നതിന്നായി തങ്ങളുടെകൂടെ കൊണ്ടുനടക്കുകയും ചെയ്യുന്നു. ദൈവസൃഷ്ടികളും അവരോടു ള്ള ഗുണകാംക്ഷയുമാണ് അഹ്മദികൾക്ക് പ്രാധാന്യമർഹിക്കുന്നത് എന്ന് ജൽസയിൽ പങ്കെടുത്തപ്പോൾ മനസ്സിലായി. വിവിധ നാടു കളിൽനിന്ന് ഇവിടെ എത്തിയ പ്രതിനിധികളുമായി സംസാരിച്ച പ്പോഴാണ് ഇതെല്ലാം അറിയാൻ കഴിഞ്ഞത്. അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ആശ്രിതർക്കും പാവങ്ങൾക്കു മായി ഹോസ്പിറ്റൽ, സ്കൂൾ, ലൈബ്രറി, എന്നിവ നിർമ്മിക്കുന്നു ണ്ടെന്ന് അറിയാൻ സാധിച്ചു. ഇതെല്ലാം വളരെ ആവശ്യമുള്ളതുത ന്നെയാണ്. സൽപെരുമാറ്റത്തിൽ അഹ്മദിയ്യാ ജമാഅത്തിനെ കിട പിടിക്കാൻ മറ്റാർക്കും സാധ്യമല്ല. ജൽസാ സാലാനയിൽ പങ്കെടു ക്കാൻ എത്തിയിട്ടുള്ള വിവിധ നാടുകളിൽനിന്നുമുള്ള മത-മതേ തര നേതാക്കന്മാർ വെറുമൊരു ടൂറിസ്റ്റുകളല്ല. മറിച്ച് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ അദ്ധ്യാപനങ്ങളെ മനസ്സിലാക്കുന്ന വരും അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാണ്. ജൽസയിൽ പങ്കെടുക്കുന്ന ആയിരക്കണക്കിന് അതിഥികളെ പരിപാലിക്കുന്ന തും അവർക്ക് ആഥിത്യമരുളുക എന്നതും വളരെ ശ്രമകരമായ പ്രവ ർത്തിയാണെന്ന് നമുക്കറിയാം. എന്നാൽ ഇതിന്റെ പ്രതിഫലമായി നിങ്ങളെല്ലാവരും തന്നെ ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ ഫള്ൽ മാത്രമാണെന്നും നമുക്കറിയാവുന്നതാണ്.'

നാം അഥിതികളെ സേവിക്കുന്നതും സ്നേഹിക്കുന്നതുമെല്ലാം അല്ലാഹുവിന്റെ പ്രീതി ലഭിക്കാനാണെന്ന ബോധം എപ്പോഴും പ്രവർത്തകരിൽ ഉണ്ടായിരിക്കേണ്ടതാണ്.

ഖസാക്കിസ്ഥാനിലെ ഒരു മഹതി തന്റെ വികാരം പ്രകടിപ്പിച്ചത് ഇപ്രകാരമാണ്. 'ഞങ്ങളോടുള്ള പെരുമാറ്റവും സ്നേഹവും കണ്ട പ്പോൾ എനിക്ക് തോന്നിപ്പോയി വർഷങ്ങളായി കാത്തിരിക്കുന്ന അഥിതികളാണ് ഞങ്ങളെന്ന്. ഞങ്ങളുടെ എല്ലാകാര്യങ്ങളും വളരെ യധികം പരിഗണിക്കുകയുണ്ടായി. അല്ലാഹു അഹ്മദിയ്യത്തിന് വിജ യത്തിനുമേൽ വിജയം നൽകി അനുഗ്രഹിക്കട്ടെ എന്നും ലോക

ത്തുള്ള എല്ലാ പട്ടണങ്ങളേയും ഗ്രാമങ്ങളേയും മനുഷ്യാത്മാക്കളെയും അഹ്മദിയ്യത്തിന്റെ പ്രകാശം പ്രഭാപൂരിതമാക്കട്ടെ എന്നും ഞങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.'

ബെനിനിൽനിന്നും വന്നിരിക്കുന്ന ഡോക്ടർ ഹൂമൻജി ജോൺ അലക്സാണ്ടർ- പൊളിട്ടിക്കൽ അഫയഴ്സ് മന്ത്രിയും പ്രസിഡന്റിന്റെ പ്രത്യേക ഉപദേശകനുമാണിദ്ദേഹം- ഇദ്ദേഹം ഞാൻ അവിടെ പോയപ്പോൾ ബോർഡറിൽ എന്നെ സ്വീകരിക്കാൻ വന്നിരുന്നു. അന്നുമുതൽ സൗഹൃദഹസ്തം അദ്ദേഹം നീട്ടിയിരിക്കുകയാണ്. വളരെ നല്ലരീതിയിൽ അത് പൂർത്തിയാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം ക്രസ്ത്യാനിയാണ്. എഴുതുന്നു, ' അഹ്മദിയത്ത് തന്നെയാണ് യഥാർത്ഥ ഇസ്‌ലാം. ഇസ്‌ലാമിന്റെ ഭാവി അഹ്മദിയ്യത്ത് ആയിരിക്കും. മറ്റു മുസ്‌ലിംകളിലൊന്നും ഇതേവരെ കാണാൻ സാധിക്കാത്ത ഇസ്‌ലാമിന്റെ പുതിയൊരു മുഖമാണ് അഹ്മദിയ്യത്ത് പ്രദർശിപ്പിച്ചിരിക്കുന്നത്. ഈ മുഖം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ആത്മാർത്ഥതയുടേയും മനുഷ്യത്വത്തിന്റെയും മുഖമാണ്. ആത്മീയതയുടെ ഉന്നത മൂല്യങ്ങളുള്ള മുഖങ്ങളാണിവ. വിജ്ഞാനത്തിന്റെയും ആത്മീയതയുടേയും അതിപ്രസരം നമുക്ക് ഇവിടെ കാണാൻ സാധിക്കുന്നു. സ്നേഹം ഏവരോടും ഇല്ല വെറുപ്പ് ആരോടും എന്നതിന്റെ പ്രാവർത്തിക രൂപമാണ് അഹ്മദിയ്യത്ത്. ഇതുതന്നെയാണ് ഒരു ദൈവിക പ്രസ്ഥാനത്തിന്റെ കാതലായ വശം. ഇതിൽനിന്ന് എല്ലാവരും ഫലമെടുക്കേണ്ടതാണ്.

30,000 പേർ ഈ ജൽസയിൽ പങ്കെടുക്കും എന്നാണ് പറഞ്ഞു കേട്ടിരുന്നത്. എന്നാൽ ഇത്രയും അധികം ആളുകൾ പങ്കെടുക്കുമെന്നത് ചിന്തിക്കാൻ കഴിഞ്ഞിരുന്നില്ല. ഇവിടെ വന്ന് നേരിട്ട് കാണാൻ സാധിച്ചു. എല്ലാ സംവിധാനങ്ങളും ശാന്തസുന്ദരമായ അന്തരീക്ഷം, സ്നേഹവായ്പോടുകൂടിയുള്ള പരസ്പരകൂടിക്കാഴ്ച നടത്തൽ, പരസ്പരം ആദരിക്കുന്നവർ. ഇതെല്ലാം കാണുമ്പോൾ ഭൗതികതയോട് ഒട്ടും താത്പര്യമില്ലാത്ത പുതിയ  ഒരു തരം സൃഷ്ടിക്കാളോ ഇവരെന്ന് തോന്നിപ്പോകും. ഇവർ മനുഷ്യരല്ല, മറിച്ച് ആകാശത്ത് നിന്ന് ഇറങ്ങിവന്ന് ഭൂമിയിൽ താമസമാക്കിയ മലക്കുകളാണ്. ഇവിടെയുള്ള കുട്ടികൾപോലും ശരിക്കും ശിക്ഷണം നൽകപ്പെട്ടവരാണ്. മാതാക്കളുടെ ഗർഭത്തിൽനിന്ന് ശിക്ഷണം നൽകി വിട്ടതുപോലെയാണ് തോന്നുന്നത്. ഞങ്ങളുടെ നാടായ ബെനിനിലും ഇങ്ങിനെ ആയിരുന്നെങ്കിൽ!! ഓരോരുത്തരും വളരെ ആദരവോടും സ്നേഹത്തോടും ഞങ്ങളെ പരിഗണിക്കുകയുണ്ടായി. ഇത് ഒരിക്കലും ഞങ്ങൾ മറക്കില്ല.'

കുട്ടികളുടെ തർബിയ്യത്ത് അഹ്മദീ മാതാക്കൾ ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഫലമാണിത്. ഇത് തുടർന്നുകൊണ്ടിരിക്കേണ്ടതാണ്. അഹ്മദിയ്യത്തിനെ തിരിച്ചറിയുവാനുള്ള മാനദണ്ഡവും ഇതുതന്നെ.' അദ്ദേഹം തുടർന്നെഴുതുന്നു,ബെനിനിൽ ഒരിക്കലും ലഭിക്കാത്ത സാഹോദര്യ ബന്ധമാണ് നമുക്കിവിടെ ലഭിച്ചത്. ശാന്തിയും സാഹോദര്യവും ആഗ്രഹിക്കുന്നവർ ഇന്നും ലോകത്ത് നിലനിൽക്കുന്നുണ്ട്. മറ്റുമുസ്‌ലിംകൾ അഹ്മദിയ്യത്തിനെ മനസ്സിലാക്കിയിരുന്നെങ്കിൽ.

ആഗോള ബൈഅത്തും സമാപന പ്രസംഗവും ഞങ്ങളുടെ ലോകത്തെതന്നെ മാറ്റിമറിക്കുകയുണ്ടായി. ഈ ഇസ്‌ലാം ഞങ്ങളുടെ എല്ലാം ഭാവിയായിത്തീരാൻ അല്ലാഹു സഹായിക്കട്ടെ. ഞങ്ങൾക്ക് ഹിദായത്തിന് കാരണമായിത്തീരട്ടെ. ആഗോളബൈഅത്തിന് ശേഷം തങ്ങളുടെ ഹൃദയങ്ങളെ പരിശുദ്ധീകരിക്കുന്നതിന്നായി കരയുന്ന ജനങ്ങളെ ഞങ്ങൾക്ക് കാണാനിടയായി. ആകാശത്ത് നിന്ന് പ്രത്യേകമായ ആത്മീയപ്രഭ ഇറങ്ങുന്നതുപോലെ ഞങ്ങൾക്കപ്പോൾ തോന്നുകയും അതിൽ ഞങ്ങളും ഭാഗവാക്കുകളായെന്ന് കരുതുകയും ചെയ്തു. ഞങ്ങൾ നാട്ടിൽ മടങ്ങിയെത്തി, അഹ്മദിയ്യത്തിന്റെ തണലിൽ മാത്രമാണ് നമുക്ക്, ശാന്തവും നമ്മേ ദൈവവുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്ന ജീവിതം നയിക്കാൻ സാധിക്കുകയുള്ളൂ എന്ന് ജനങ്ങളോട് പറയാനുള്ള അവസരം പാർത്തിരിക്കുകയാണ് ഞങ്ങൾ. അല്ലാഹുവിന്റെ ദാസർ സത്യവും കൊണ്ട് മുന്നോട്ട് പോകുമ്പോൾ എതിരാളികൾ അതിന്റെ വഴി തടയാൻ ശ്രമിക്കുന്നതാണ്. എന്നാൽ എന്റെ നാട്ടിൽ ജമാഅത്തിന് ഒരു പ്രശ്നവും ഇല്ലാതിരിക്കുന്നതിന് വേണ്ടി എന്റെ കഴിവിന്റെ പരമാവധി ഞാൻ ശ്രമിക്കുന്നതാണ്.

പല കാര്യങ്ങളും എന്നോട് അദ്ദേഹം പറഞ്ഞു. എന്നിട്ട് അവസാനം പറഞ്ഞത് നിങ്ങളുടെ ഒരു കുട്ടി ബെനിനിൽ ഉണ്ടെന്ന് താങ്കൾ കരുതിയാലും.

സെറാലിയോണിലെ ജസ്റ്റിസ് അബ്ദുല്ലാഹി ശൈഖ് ഫുവാന എഴുതുന്നു. ജൽസ വളരെ ഉന്നതനിലവാരം പുലർത്തി. ഞാനെപ്പോഴും ഇതോർക്കുന്നതാണ്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും വന്നവർ സഹോദരന്മാരെ പോലെയാണ് കഴിയുന്നത്. ഒരുമിച്ച് നമസ്കരിക്കുകയും ഇസ്‌ലാമിന്റെ വിജയത്തിന്നായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബുൽക്കിനോഫാസുവിലെ ഗവർണർ സോബാം ഒബാറ അയൽവ എഴുതുന്നു.ബുൽക്കിനോഫാസുവിന്റെ പ്രതിനിധിയായാണ് ഞാൻ ഇവിടെ വന്നിട്ടുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവിന്ന് ഹൃദയാന്തരങ്ങളിൽ നിന്നും ആശംസകൾ അർപ്പിക്കുന്നു. ലോകത്തിന്റെ വിവിധ നാട്ടുകാരും വർഗ്ഗക്കാരും ഈ ജൽസയിൽ പങ്കെടുക്കുന്നതായി കാണാൻ കഴിഞ്ഞു. എന്നാൽ എല്ലാം ഒരേ നിറവും മനുഷ്യത്വത്തിന്റെ കാവൽക്കാരുമാണ്. ഈ ജൽസ വർണ്ണ വർഗ്ഗ വിവേചനമില്ലാതെയാണ് നടക്കുന്നത്. ഇത് യഥാർത്ഥത്തിൽ സ്നേഹം ഏവരോടും ഇല്ല വെറുപ്പാരോടും എന്നതിന്റെ പ്രകടരൂപമാണ്. ഈ തത്വത്തിൽ നിന്നാണ് ലോകം പാഠം ഉൾക്കൊള്ളേണ്ടത്. എന്റെ നാട്ടിൽ വളരെ ആദരവോടുകൂടിയാണ് അഹ്മദിയ്യാ ജമാഅത്തിനെ കാണുന്നത്. വെറും 20 വർഷം കൊണ്ട് ബുൽ ക്കിനോഫാസുവിലെ ദൂരദൂര പ്രദേശവാസികളുടെ ഹൃദയം പോലും അഹ്മദിയ്യാ ജമാഅത്ത് വിജയിച്ചടക്കിയിരിക്കുന്നു. വർണ്ണ, വർഗ, മത, ദേശ, പരിഗണനയില്ലാതെ മാനവരാശിയെ സേവിക്കുന്ന ജമാഅത്ത് ഇത് മാത്രമാണെന്ന് ഞങ്ങൾ വേഗം തിരിച്ചറിയുകയുണ്ടായി. ആത്മീയ ഭക്ഷണതളിക മാത്രമല്ല നിങ്ങൾ നിൽക്കുന്നത്; കൂടാതെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റിത്തരുന്ന കാര്യത്തിലും ഈ ജമാഅത്ത് മുൻപന്തിയിലാണ്. ജമാഅത്ത് ഞങ്ങളുടെ നാട്ടിൽ സ്കൂൾ, ആശുപത്രി, വെള്ളം, വൈദ്യുതി എന്നീ മേഖലകളിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ പ്രസിഡന്റ് സാഹിബ് അഹ്മദിയ്യാ ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്ന ഈ സേവനങ്ങളെ മുന്നിർത്തിക്കൊണ്ട് നാട്ടിലെ ഏറ്റവും വലിയ പുരസ്കാരം ജമാഅത്തിന് നൽകാൻ തീരുമാനിക്കുകയും കഴിഞ്ഞ ഡിസംബറിൽ സ്വാതന്ത്ര്യദിനാവസരത്തിൽ ആ മെഡൽ ജമാഅത്തിന് നൽകുകയും ചെയ്തിരുന്നു.

നാം സേവനം ചെയ്യുന്നത് അല്ലാഹുവിന്റെ പ്രീതി ലഭിക്കാനാണ്. ഇവരിൽ നിന്ന് ഒന്നും നാം പ്രതീക്ഷിക്കുന്നില്ല, ഓരോ അഹ്മദിയുടേയും നിയ്യത്ത് ഇതായിരിക്കേണ്ടതാണ്.

നൈജറിലെ മേയറായ ഇബ്‌റാഹീം ജാമ ഗർബ്ബ സാഹിബ പറയുന്നു. സ്നേഹം ഏവരോടും ഇല്ല വെറുപ്പാരോടും എന്ന നിങ്ങളുടെ ഈ സന്ദേശം എന്നെ വല്ലാതെ സ്വാധീനിച്ചു. അതിന്റെ യഥാർത്ഥരൂപം ഞാനിവിടെ കാണുകയുണ്ടായി. ലോകത്തിന്റെ വിവിധ ഭാഗത്ത് നിന്ന് വിവിധ മത ജാതി വർണ്ണ വർഗ്ഗത്തിൽപെട്ട വരും ഇവിടെ സന്നിഹിതരായിരുന്നു. നിങ്ങളിലുള്ള എല്ലാവരും തന്നെ ഞങ്ങൾക്ക് നൽകിയത് സ്നേഹം മാത്രമാണ്. ഞങ്ങളെ വളരെയധികം ആദരിക്കുകയുണ്ടായി. ഈ ദിനങ്ങൾ ഞങ്ങൾക്കൊരിക്കലും മറക്കാൻ കഴിയില്ല.

ഒരഹ്മദിയായ നൂറുദ്ദീൻ സാഹിബ് അമേരിക്ക എഴുതുന്നു. ആദ്യമായാണ് ഞാൻ ഇവിടെ വരുന്നത്. ഇവിടെ കണ്ടകാഴ്ച എന്റെ കണ്ണിനെ ഈറനണിയിക്കുകയുണ്ടായി. അല്ലാഹുവിന്റെ കാരുണ്യങ്ങളെ ഓർത്ത് ഞാൻ കരഞ്ഞുപോയി. ഈ അനുഭവങ്ങളെ വെച്ചുകൊണ്ട് ഒരു ഗ്രന്ഥം എനിക്കെഴുതാൻ സാധിക്കുന്നതാണ്. എന്റെ വികാരങ്ങളെ ഇവിടെ വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ല. ആത്മീയമായി അനുഭൂതിയിൽ നീരാടിയാണ് ഞാൻ അമേരിക്കയിലേക്ക് തിരിച്ചുപോകുന്നത്. എന്റെ പാപങ്ങളിൽ നിന്നും ഞാൻ തൗബ ചെയ്യുന്നു. അവയെ ഞാൻ ഉപേക്ഷിക്കുന്നു. നബികരീം (സ) ന്റെയും അദ്ദേഹത്തിന്റെ സേവകനായ ഹസ്റത്ത് മസീഹ് മൗഊദ്(അ) ന്റെയും സന്ദേശം എനിക്ക് എത്തിക്കാൻ കഴിയുന്നവരിലേക്കെല്ലാം എത്തിക്കുന്നതാണ്.

ബെൽജിയം പാർലമെന്റ് മെമ്പറായ സുവാദ് റസൂഖ് സാഹിബ, മൊറോക്കോയാണ് ഇവരുടെ ജന്മസ്ഥലം ഒരു ദീർഘകാലമായി ബെൽജിയത്താണ് താമസിക്കുന്നത്. ജൽസയിൽ പ്രസംഗിച്ചിരുന്നു. ജൽസയിൽ പങ്കെടുത്തതിനുശേഷം എനിക്ക് ചിന്തിക്കാൻപോലും പറ്റാത്ത അനുഭവങ്ങളാണ് ഉണ്ടായത്. അവരെ വിരുന്നിനു ക്ഷണിച്ചിരുന്നു. അപ്പോൾ എന്റെ ഭാര്യയോടൊപ്പം (ഹുസൂറിന്റെ) ഇരുന്നപ്പോൾ അവർ അവർക്ക് തബ്‌ലീഗ് ചെയ്തു. തിരുനബി (സ) യുടെ ഉന്നതസ്ഥാനം, ഹസ്റത്ത് ഈസാ (അ) ന്റെ സ്ഥാനം, ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനം, അഹ്മദികളുടെ ഇതു സംബന്ധമായ വീക്ഷണം എന്നിവയെക്കുറിച്ച് അരമണിക്കൂർ സംസാരം നടന്നു. പിന്നീട് മിഷനറിയുടെ കാര്യം പറഞ്ഞു. അവരുടെ അടുത്ത് ഇരുന്ന് സംസാരിച്ചപ്പോൾ എന്റെ ചിന്താഗതികൾ എല്ലാം മാറിയിരിക്കുകയാണ്. അങ്ങനെ മഹ്ദീഇമാമിനെ കുറിച്ചുള്ള മറ്റുകാര്യങ്ങളെല്ലാം അറിയാൻ ആഗ്രഹം പ്രകടിപ്പിക്കുകയും രാത്രി 2.30 മണി വരെ ഇരുന്ന് കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്തു. എന്റെ ഭാര്യയെ പരാമർശിച്ചുകൊണ്ട് പറഞ്ഞു. എനിക്ക് അവർ പറഞ്ഞു മനസ്സിലാക്കിത്തന്നപ്പോൾ ഇനി എല്ലാം അറിയണമെന്ന ഉൽക്കടമായ ആഗ്രഹം എന്നിലുണ്ടായി.

അഹ്മദിയ്യത്തിന്റെ കാഴ്ചപാടുകൾ കാരണം എനിക്ക് പുതിയ ഒരാത്മീയ ജീവിതം ലഭിച്ചിരിക്കുകയാണ്. ഇമാം മഹ്ദിയുടെ ആഗമനത്തോടുകൂടി മുസ്‌ലീംകളുടെ ഭാവി ശോഭനമായികാണപ്പെടുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് കൂടുതൽ അറിവ് കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കൽ ഞാൻ ഒറ്റക്കായിരിക്കില്ല. എന്റെ കൂടെ എന്റെ കൂട്ടുകാരും ബന്ധുക്കളും എല്ലാം ഒരുമിച്ച് ജമാഅത്തിൽ പ്രവേശിക്കുന്നതാണ്.

എന്റെ സമാപനപ്രസംഗത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു. അറബികളെ അഭിസംബോധന ചെയ്തുകൊണ്ട് താങ്കൾ പറഞ്ഞപ്പോൾ, നിങ്ങൾ ഉണരൂ മസീഹ് മൗഊദിന്റെ സന്ദേശം ലോകരിൽ എത്തിക്കുക എന്നത് നിങ്ങളുടെ കടമയാണെന്നും മക്കയിൽ പോയി നിങ്ങൾ മസീഹ് മൗഊദിന് വേണ്ടിയും ജമാഅത്തിന് വേണ്ടിയും ദുആ ചെയ്യുക എന്നും പറഞ്ഞപ്പോൾ അവർ പറയുന്നു; ഞാൻ വളരെയധികം കരഞ്ഞുപോയി. കണ്ണിൽനിന്നും കണ്ണീർ ഇറ്റിറ്റുവീഴാൻ തുടങ്ങി. കാരണം ഞാൻ അറബ് നാടുമായി ബന്ധപ്പെട്ട സ്ത്രീയാണ്. ഒരു ദിവസം മുമ്പാണ് ബിഗം സാഹിബ എനിക്ക് ഇമാം മഹ്ദി (അ)ന്റെ ആവശ്യകതയെക്കുറിച്ചും മറ്റും പറഞ്ഞുതന്നത്. എനിക്ക് തോന്നിയത് ഹുസൂർ തന്നെയാണ് അഭിസംബോധന ചെയ്യുന്നത് എന്നാണ്. ഞാൻ അപ്പോൾ ഓർത്തു; ഈ ലോകത്ത് വിവിധസ്ഥലങ്ങളിൽ നിങ്ങൾക്കെതിരിൽ അക്രമം അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. അത് തികച്ചും അനീതിയാണ്. അടുത്ത വർഷം യു.കെ ജൽസയിൽ പങ്കെടുക്കാൻ ഞാൻ ഒറ്റക്കായിരിക്കില്ലെന്നും മറ്റു പാർലമെന്റ് മെമ്പർമാരെയും ഞാൻ കൊണ്ടുവരുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട് എന്നും അവർ കൂട്ടിച്ചേർത്തു.

നിശബ്ദ തബ്‌ലീഗുകളും വ്യക്തിപരമായ തബ്‌ലീഗുകളും നൽകുന്ന ഫലങ്ങളാണിവ. അതോടൊപ്പം ഈ ഒരു ചുറ്റുപാടും അവരെ സ്വാധീനിക്കുന്നു. നമ്മുടെ ഡ്യൂട്ടിയിലുള്ള യുവാക്കളും ഈ രീതിയിൽ തബ്‌ലീഗ് ചെയ്യുന്നുണ്ട്. ബസ്സ് ഓടിച്ചു കൊണ്ടിരിക്കുന്ന ഒരു ഇറാനീ ഡ്രൈവറോട് നമ്മുടെ ഒരു യുവാവ് സംസാരിക്കുകയും ഈസാനബിയുടെ വഫാത്തിനുള്ള തെളിവുകൾ നൽകുകയും മസീഹ് മൗഊദിന്റെ ആഗമനത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. ഇങ്ങനെയുള്ള സാഹചര്യങ്ങളും ഇടക്ക് കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെ നല്ല റിസൽട്ടും ലഭിക്കാറുണ്ട്.

ഒരഹ്മദീ മഹിള ആയിശരീഫ് യഖ്‌ലസ് സാഹിബ പറയുന്നു. ആദ്യമായാണ് ഞാൻ പങ്കെടുക്കുന്നത്. എന്റെ അവസ്ഥ വിവരിക്കാൻ വാക്കുകളില്ല. ഈ ജൽസയുടെ മഹത്വം, സൗന്ദര്യം, സംഘടനപാടവം,വളന്റിയറി ജോലി ചെയ്യുന്നവരുടെ ആവേശം എല്ലാം കാണുമ്പോൾ മനസ്സിൽ വരുന്ന ചോദ്യം ലോകത്ത് ഇത്രയും സുസംഘടിതമായ രീതിയിൽ ആർക്കാണ് ഇങ്ങനെ സംഘടിപ്പിക്കാൻ സാധിക്കുക. ഒരേ ഒരു ഹൃദയത്തിൽ ഇത്രമാത്രം ആളുകളെ ആർക്കാണ് ഒരുമിച്ച് കൂട്ടാൻ സാധിക്കുക. ഇതിനുള്ള ഒരേ ഒരു മറുപടി അല്ലാഹുവിന്റെ കൈ താങ്കളുടെ കൈകൾക്കുമീതെയാണ് എന്നാണ്. അത് തന്നെയാണ് ജനഹൃദയങ്ങളിൽ സ്നേഹവും അടുപ്പവും ഉണ്ടാക്കുന്നത്. അത് തന്നെയാണ് എല്ലാ പ്രവർത്തികളും എളുപ്പമാക്കുകയും ചെയ്യുന്നത്.

ആദ്യമൊക്കെ ആഗോള ബൈഅത്ത് ഞാൻ ടി.വിയിലാണ് കണ്ടിരുന്നത്. ഇവിടെ വന്ന് ബൈഅത്തിൽ പങ്കെടുക്കുക എന്നതെല്ലാം വെറും സ്വപ്നമായിരുന്നു. എന്നാൽ ഈ വർഷം അല്ലാഹു അതിനുള്ള തൗഫീഖ് നൽകുകയുണ്ടായി. (ഇവരും കുറച്ച് വർഷം മുമ്പാണ് ബൈഅത്ത് ചെയ്തത്.) ജൽസാ ഗാഹിലിരുന്ന് ബൈഅത്ത് ചെയ്യുമ്പോൾ ഞാൻ മറ്റൊരു ലോകത്ത് എത്തിയതുപോലെ എനിക്ക് തോന്നുകയുണ്ടായി. വികാരാവേശംകൊണ്ട് ഹൃദയത്തിന്റെ അവസ്ഥ തന്നെ മറ്റൊന്നായിരുന്നു. ശരീരം വിറകൊള്ളുകയായിരുന്നു. കണ്ണിൽ നിന്നും കണ്ണുനീർ തുള്ളികൾ ഇറ്റിറ്റുവീഴുന്നുണ്ടായിരുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിലും പൊറുക്കലിലും കണ്ണുനട്ടിരുന്നു. ഹൃദയത്തിൽ സന്തോഷം അലതല്ലുകയും ചെയ്തുകൊണ്ടിരുന്നു. സുജൂദ് ചെയ്തപ്പോൾ അല്ലാഹു വളരെ അടുത്തായി അനുഭവപ്പെട്ടു. തന്റെ തെറ്റുകുറ്റങ്ങളിൽ നിന്ന് അല്ലാഹുവിനോട് പൊറുക്കലിനു

തേടി. ഖിയാമത്തെന്ന് തോന്നിപോയി. ദുൻയാവ് വളരെ ചെറുതായി തോന്നുകയുണ്ടായി.

അമ്പേൽ റിസാ ഫിൽമി സാഹിബ എഴുതുന്നു. ജൽസയുടെ അവസാനനിമിഷങ്ങൾ വല്ലാത്ത വൈകാരികമായ ഒരവസ്ഥയായിരുന്നു. അപ്പോൾ ഞാൻ മനസ്സിൽ പറയുകയായിരുന്നു. എന്റെ നാട്ടിൽ തിരിച്ചെത്തിയാൽ മിസ്ര് നിവാസികളോട് ഇങ്ങനെ ഉച്ചത്തിൽ വിളിച്ചുപറയും. തിരുനബി (സ) ന്റെ ഉമ്മത്തികളേ! ഉണരൂ! നിങ്ങളുടെ മഹ്ദി വന്നിരിക്കുന്നു. അടയാളങ്ങൾ പ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. ഇതിനെ സത്യപ്പെടുത്താൻ ആത്മാർത്ഥമായി പരിശ്രമിച്ചാലും.

അസീസ അമാനി ഔദാ സാഹിബ എഴുതുന്നു. ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ഇത്ര വലിയ ജനക്കൂട്ടത്തിന് ഒരേ സമയം വളരെ നല്ലരീതിയിൽ ആതിഥ്യമരുളുന്നത് കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. റബീമുസ്‌ലിഹാ സാഹിബ പറയുന്നു. കവറേജിന്റെ കാര്യത്തിൽ ജൽസ വളരെ ഉന്നതനിലവാരം പുലർത്തി. അതിഥി സത്ക്കാരത്തിലും സദ്പെരുമാറ്റത്തിലും വളരെയധികം ആകൃഷ്ടയാവുകയുണ്ടായി. ഈ വർഷത്തിനുള്ളിൽ എന്റെ മനസ്സിൽ വന്ന എല്ലാ സംശയങ്ങൾക്കും മറുപടി ജൽസാ പരിപാടികളിൽ നിന്ന് ലഭിച്ചു.

ഇബ്റാഹിം കസക്ക് സാഹിബ് പറയുന്നു. ഈ ജൽസ അറബികൾക്കായി പ്രത്യേകപ്പെടുത്തിയതു പോലെ എനിക്ക് തോന്നിപ്പോയി. ശത്രുക്കൾ വിരിച്ച എല്ലാ തടസ്സങ്ങളും ഇൻശാഅല്ലാഹ് ഇല്ലാതായിത്തീരുകയും ഇൻശാഅല്ലാഹ് അറബികൾ കൂട്ടംകൂട്ടമായി ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതാണ്. ഒരു ബണ്ട് പൊട്ടിയതുപോലുള്ള അവസ്ഥ ഉണ്ടായിത്തീരുന്നതാണ്. എതിരാളികളുടെ പൊങ്ങച്ചം തകരുന്നതാണ്. അടുത്ത് തന്നെ വാഗ്ദത്ത മസീഹിന്റെ പതാക അറബ് നാടുകളിൽ പാറിപ്പറക്കാൻ പോകുന്ന കാലം ഇതാ സമാകതമാകുന്നു. يُصَلُّونَ عَلَيْكَ صُلَحَاءُ الْعَرَبِ وَأَبْدَالُ الشَّامِ എന്ന ഇൽഹാം വളരെ മഹത്വത്തോടുകൂടി പൂർ ത്തിയാക്കാൻ പോകുന്നു.

ലോകത്തിന്റെ വിവിധ നാടുകളിൽ നിന്നും പ്രത്യേകിച്ച് അറബുനാടുകളിൽ നിന്നും ജൽസക്ക് ശേഷം പല സന്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് അല്ലാഹു തന്റെ പ്രത്യേക ഫളിലിന്റെ പേമാരി വർഷിപ്പിച്ചു എന്നാണ്.

ലോകർ ഭൗതികതയിൽ മുഴുകിയിരിക്കുമ്പോൾ മുഹമ്മദീ മസീഹിന്റെ ദാസർ തങ്ങളുടെ ആത്മീയ അഭിവൃദ്ധിക്കായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ആവേശത്തോടുകൂടി അവർ മുന്നേറിക്കൊണ്ടിരിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഈ സന്ദേശം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവരുടെ വികാര പ്രകടനങ്ങൾ ഓരോന്നും തന്നെ വിവരിക്കാൻ കഴിയാത്തതാണ്. ചുരുങ്ങിയ പക്ഷം വിവരിക്കാൻ പ്രയാസമാണ്. അല്ലാഹു തന്റെ വാഗ്ദാനപ്രകാരം ഹസ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ ഇട്ടിരിക്കുകയാണ്. ലോകത്ത് ഇതിനുള്ള ഉദാഹരണം നമുക്കെവിടെയും കാണാൻ സാധ്യമല്ല. ആ മഹാത്മാവ് മുഖേന ഖിലാഫത്തിനോടും സ്നേഹം നിലനിന്നുവരുന്നു. അല്ലാഹു ആത്മാർത്ഥതയിലും കൂറിലും സ്നേഹത്തിലും ഓരോ അഹ്മദിയേയും വർദ്ധിപ്പിക്കുമാറാകട്ടെ. അല്ലാഹു നൽകുന്ന അനുഗ്രഹങ്ങൾക്ക് മുമ്പത്തെക്കാളുപരി നന്ദി രേഖപ്പെടുത്തുന്നവരായി നാം മാറട്ടെ. നമ്മുടെ സ്നേഹത്തിന്റെ കേന്ദ്രം അല്ലാഹുവിന്റെ അസ്തിത്വമായിത്തീരട്ടെ. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 31 - 07 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**